ടെലിഫോൺ : 0471-2512662, 9496551719
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
0471-2512375
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്
## പാർലമെന്ററി പഠന പരിശീലന കേന്ദ്രം

തിരുവനന്തപുരം,
നമ്പർ : 1639/സി.പി.എസ്.ടി ബി2/2019/നി.സെ 22.03.2019.

## വിജ്ഞാപനം

**വിഷയം :- കേരള നിയമസഭാ സെക്രട്ടേറിയറ്റ് - പാർലമെന്ററി പഠന പരിശീലന കേന്ദ്രം - സർട്ടിഫിക്കറ്റ് കോഴ്സിന്റെ 2018 ബാച്ചിലെ പഠിതാക്കൾക്കായി മാതൃകാ നിയമസഭ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.**

................

പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ 2018 ബാച്ചിലെ പഠിതാക്കൾക്കായി ഒരു മാതൃകാ നിയമസഭ 2019 ഏപ്രിൽ 6 (ശനിയാഴ്ച) ഉച്ചയ്ക്ക് ശേഷം 2.30 മുതൽ വൈകുന്നേരം 5.00 വരെ ഗവ. സെക്രട്ടേറിയറ്റിലെ നിയമസഭാ ഹാളിൽ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. സർട്ടിഫിക്കറ്റ് കോഴ്സിന്റെ നിലവിലെ ബാച്ചിലെ ചുരുങ്ങിയ പക്ഷം നൂറ് പഠിതാക്കളെങ്കിലും പങ്കെടുത്താൽ മാത്രമേ മാതൃകാ നിയമസഭ സംഘടിപ്പിക്കുകയുള്ളൂ. പരിപാടിയിൽ പങ്കെടുക്കുന്നവർക്കുള്ള പരിശീലന പരിപാടി 2019 ഏപ്രിൽ 5 ന് രാവിലെ 10.30 മുതൽ വൈകുന്നേരം 4.30 വരെയും 2019 ഏപ്രിൽ 6 ന് ഉച്ച വരെയും നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിക്കുന്നതാണ്. മാതൃകാനിയമസഭയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു.

പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിനായി താൽപര്യമുള്ള പഠിതാക്കൾ അക്കാര്യം ഇ-മെയിൽ (cpstb@niymasabha.nic.in), എസ്.എം.എസ് (9496551719), ഫോൺകാൾ (0471-2512662, 9496551719) എന്നിവയിലേതെങ്കിലും മുഖേന 2019 മാർച്ച് 28 വൈകുന്നേരം 5 മണിക്ക് മുൻപായി പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

വി.കെ. ബാബുപ്രകാശ്
സെക്രട്ടറി

# കേരള നിയമസഭ

# പാർലമെന്ററി പഠന പരിശീലന കേന്ദ്രം

## മാതൃകാ നിയമസഭ

### <u>മാർഗ്ഗനിർദ്ദേശങ്ങൾ</u>

1. പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ പഠിതാക്കളിൽ ജനാധിപത്യബോധവും പാർലമെന്ററി നടപടികളിലുള്ള അറിവും വളർത്തുന്നതിനായാണ് പാർലമെന്ററി പഠന പരിശീലന കേന്ദ്രം (സി.പി.എസ്.ടി) "മാതൃകാ നിയമസഭ" സംഘടിപ്പിക്കുന്നത്.

2. പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ 2018 ബാച്ചിലെ പഠിതാക്കളെയാണ് പരിപാടിയിൽ പങ്കെടുപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ചുരുങ്ങിയ പക്ഷം 100 പഠിതാക്കളെങ്കിലും പരിശീലനത്തിൽ പങ്കെടുത്താൽ മാത്രമേ പരിപാടി നടപ്പാക്കുകയുള്ളൂ.

3. പരിപാടിയിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്ന പഠിതാക്കൾ അക്കാര്യം ഇ-മെയിൽ (cpstb@niymasabha.nic.in), എസ്.എം.എസ് (9496551719), ഫോൺകാൾ (0471-2512662, 9496551719) എന്നിവ വഴി 2019 മാർച്ച് 28-നകം പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

4. മാതൃകാ നിയമസഭ 2019 ഏപ്രിൽ 6 (ശനിയാഴ്ച) ഉച്ചയ്ക്ക് ശേഷം 2.30 മുതൽ വൈകുന്നേരം 5.00 മണി വരെ ഗവ. സെക്രട്ടേറിയറ്റിലെ നിയമസഭാ ഹാളിൽ സംഘടിപ്പിക്കുന്നതാണ്. പരിപാടിയിൽ പങ്കെടുക്കുന്നവർക്കുള്ള പരിശീലന പരിപാടി 2019 ഏപ്രിൽ 5 ന് രാവിലെ 10.30 മുതൽ വൈകുന്നേരം 4.30 വരെയും ഏപ്രിൽ 6 ന് രാവിലെ 10.30 മുതൽ ഉച്ചവരെയും നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിക്കുന്നതാണ്.

5. പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹമുള്ള പഠിതാക്കൾ ഏപ്രിൽ 5, 6 ദിവസങ്ങളിലെ പരിശീലനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രണ്ട് ദിവസത്തെയും പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവരെ മാത്രമെ 2019 ഏപ്രിൽ 6-നുള്ള മാതൃകാ നിയമസഭയിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ.

6. പരിശീലനം ലഭിച്ച അപേക്ഷകരിൽനിന്നും പരിപാടിയിൽ പങ്കെടുക്കേണ്ടവരെ (active participants) തെരഞ്ഞെടുക്കുന്നതടക്കം പരിപാടിയുടെ നടത്തിപ്പ് സംബന്ധിച്ച പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

7. പരിപാടിയിൽ പങ്കെടുക്കുന്നതിന് റ്റി.എ/ഡി.എ/താമസസൗകര്യം മുതലായവ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നൽകുന്നതല്ല.

8. പരിപാടി സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി പാർലമെന്ററി പഠന പരിശീലന കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.

Centre for Parliamentary Studies and Training,
Room No. 739, Assembly Building, Legislature Complex,
Vikas Bhavan P.O., Thiruvananthapuram - 695033.
Phone : 0471 2512662, 2512585, 2512638 Fax : 0471 2512375
E-mail : cpstb@niyamasabha.nic.in

*******